പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2387 12.03.2020-ൽ മറുപടിയ്ക്ക്.

## പരിസ്ഥിതി വിനോദസഞ്ചാര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബാബു :<br>ശ്രീ.പി.വി.അൻവർ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.സി.കെ.ഹരീന്ദ്രൻ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനപരിപാലനത്തിന്റെയും ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെയും ഭാഗമായി പരിസ്ഥിതി വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | വനസംരക്ഷണവും ജൈവവൈവിധ്യ പരിപാലനവുമാണ് വനം വകുപ്പിന്റെ പ്രഥമ ലക്ഷ്യം. ഓരോ പ്രദേശത്തെയും പ്രകൃതിയുടെ തനിമയും സാസ്കാരിക പാരമ്പര്യവും നിലനിർത്തി വന സമ്പത്ത് സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, പങ്കാളിത്ത വന പരിപാലനത്തിന്റെ പ്രാധാന്യമുൾക്കൊണ്ടും, ഇക്കോട്ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും വനമേഖലകളിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക ഒപ്പം പൊതുജനങ്ങൾക്ക് വന പഠനത്തിനുള്ള സൗകര്യം ഒരുക്കുക, വന സംരക്ഷണത്തെക്കുറിച്ച് അവരിൽ അവബോധം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് പങ്കാളിത്ത ഇക്കോട്ടൂറിസം പദ്ധതികൾ വനം വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്. അതത് ഇക്കോട്ടൂറിസം പദ്ധതി പ്രദേശത്തെ വനസംരക്ഷണ സമിതി / ഇക്കോഡെവലപ്മെന്റ് കമ്മിറ്റിയാണ് ഓരോ ഇക്കോട്ടൂറിസം പദ്ധതികളുടെയും നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റികളിലെ അംഗങ്ങളെയാണ് സന്ദർശക സുരക്ഷയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമുള്ള ഗൈഡുകളായി ഇക്കോട്ടൂറിസം പദ്ധതികളിൽ നിയോഗിക്കുന്നത്. ഇതിൽ സ്ത്രീകൾക്ക് പരമാവധി മുൻഗണന നൽകി വരുന്നുണ്ട്. ഇക്കോട്ടൂറിസം പദ്ധതി നടപ്പാക്കുകവഴി ഏകദേശം 500 ഓളം ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.<br>കൂടാതെ, ഇക്കോട്ടൂറിസം പദ്ധതി പ്രദേശത്ത് |

| | | | |
|---|---|---|---|
| | | | ചെറുകിട വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതും വനാശ്രിതരുടെ ഉപജീവനമാർഗ്ഗത്തിന് ഉപയുക്തമാകുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 29 വനം ഡിവിഷനുകൾക്ക് കീഴിലായി 60 പങ്കാളിത്ത ഇക്കോട്ടൂറിസം പദ്ധതികൾ നടന്നു വരുന്നു. വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ, പങ്കാളിത്ത വന പരിപാലന സംവിധാനത്തിൻ കീഴിൽ, പരിസ്ഥിതി സൗഹൃദപരമായി ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നുണ്ട്. ഇക്കോട്ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥി ആഘാതം കുറക്കുന്നതിനായി എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും 'carrying capacity' പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇക്കോട്ടൂറിസം സംബന്ധിച്ചുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വിപുലീകരണത്തിന്റെ ഭാഗമായി സന്ദർശകർക്ക് കൂടുതൽ സൗകര്യപ്രദമാകത്തക്ക വിധത്തിൽ ഇക്കോട്ടൂറിസം പരിപാടികൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇക്കോട്ടൂറിസം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ വിപണനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (സി) | ഓരോ പ്രദേശത്തിന് ഇണങ്ങുന്നവിധത്തിലും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത വിധത്തിലുമാണ് ഇക്കോട്ടൂറിസം പരിപാടികൾ നടപ്പിലാക്കുന്നത്. ഇക്കോട്ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥി ആഘാതം കുറക്കുന്നതിനായി എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും 'carrying capacity' പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇക്കോട്ടൂറിസം സംബന്ധിച്ചുള്ള പുതുക്കിയ മാർഗ്ഗനിർദ്ദശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വിപുലീകരണത്തിന്റെ ഭാഗമായി സന്ദർശകർക്ക് കൂടുതൽ സൗകര്യപ്രദമാകത്തക്ക വിധത്തിൽ ഇക്കോട്ടൂറിസം പരിപാടികൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വനാശ്രിത സമൂഹത്തിൽ നിന്നുള്ള യുവാക്കളെ ആവശ്യമായ പരിശീലനം നൽകി ഇക്കോടൂറിസം ഗൈഡുകളായി നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) | ഇക്കോടൂറിസം പദ്ധതി പ്രദേശത്തെ വനസംരക്ഷണ സമിതി/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റിയാണ് ഓരോ ഇക്കോടൂറിസം പദ്ധതികളുടെയും നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത്. വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ ടി സമിതികളിലെ അംഗങ്ങളെയാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായും മറ്റും നിയോഗിക്കുന്നത്. ഇവർക്ക് സന്ദർശക സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ പരിശീലനം KIITS തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ വഴിയും മറ്റ് ഏജൻസികൾ മുഖേനയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ